(ബി) സംസ്ഥാന പദ്ധതിയുടെ 1999-2000-ാമാണ്ടിലേക്കുള്ള അടങ്കൽ എത്രയാണ്;

(സി) ഇതിൽ 1999 സെപ്റ്റംബർ 30 വരെ എന്തു തുക ചെലവഴിച്ചു; ഇത് ആകെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണ്;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിക്കുവേണ്ടി കൃഷി, വ്യസായം, വൈദ്യുതി, മത്സ്യബന്ധനം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, മറ്റു പിന്നോക്ക സമുദായക്ഷേമം, റൂറൽ ഡെലവപ്മെന്റ്, പൊതുമരാമത്ത്, വൈദ്യ സഹായം, പൊതുജനാരോഗ്യം, ശുദ്ധജല വിതരണം, ക്ഷീരവ്യവസായം, വനം, ജലസേചനം, സാമൂഹ്യസേവന സർവ്വീസുകൾ എന്നിവയ്ക്കായി എന്തു തുക വീതം നീക്കിവച്ചു എന്നും, അതിൽ 1999 സെപ്റ്റംബർ 30 വരെ ഇവയ്ക്കോരോന്നിനും വേണ്ടി എന്തു തുക ചെലവഴിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

(എ) നടത്തുകയുണ്ടായി.

(ബി) 3250 കോടി രൂപ.

(സി) 877 കോടി രൂപ ചെലവഴിച്ചു. ഇത് ആകെ അടങ്കലിന്റെ 27 ശതമാനമാണ്.†

(ഡി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

വാർഷിക പദ്ധതിക്ക് അനുവദിച്ച തുക

15 (16)ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുക എത്രവീതമായിരുന്നു;

(ബി) ഇത് ഓരോ വർഷത്തെ സംബന്ധിക്കുന്നിടത്തോളവും തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വീതം കൂടുതലായിരുന്നു;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തിനനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം എത്ര വീതമായിരുന്നു;

(ഡി) ഓരോ വർഷത്തെയും സംബന്ധിക്കുന്നിടത്തോളവും തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് ഇത് എത്ര ശതമാനം വീതം കൂടുതലായിരുന്നു?

ഉത്തരം

(എ)-(ഡി) വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

വാർഷിക പദ്ധതിയിലെ ഫിസിക്കൽ ടാർജറ്റ്

16 (17)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വ്യവസായം, കൃഷി, വൈദ്യുതി, ജലസേചനം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം, ശുദ്ധജലവിതരണം, പൊതുജനാരോഗ്യം, ഭവന നിർമ്മാണം, മത്സ്യബന്ധനം, മൃഗസംരക്ഷണം, സാമൂഹ്യവികസനം, ടൂറിസം എന്നിവയ്ക്ക് വാർഷിക പദ്ധതിയിൽ പ്രതീക്ഷിച്ചിരുന്ന ഫിസിക്കൽ ടാർജറ്റ് എത്രയായിരുന്നു;

(ബി) ഈ ഫിസിക്കൽ ടാർജറ്റ് നേടിയെടുക്കുന്നതിന് ഉൾക്കൊള്ളിച്ച തുക എത്രയായിരുന്നു;

(സി) ഓരോ വർഷവും ഈ കാര്യങ്ങളിൽ നേടിയ ഫിസിക്കൽ ടാർജറ്റ് എത്രയെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്നും പറയുമോ;

(ഡി) ഈ ഓരോ വർഷവും മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് ചെലവഴിക്കാൻ പ്രതീക്ഷിച്ച തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്നും പ്രതീക്ഷിച്ച ഫിസിക്കൽ ടാർജറ്റിന്റെ എത്ര ശതമാനം നേടിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിശദാംശങ്ങൾ അനുബന്ധം എ-യിലും ബി-യിലും കൊടുത്തിരിക്കുന്നു.†

സംസ്ഥാന പ്ലാനിംഗ് ബോർഡ്

17 (18)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിലെ ഫുൾടൈം അംഗങ്ങൾ ആരെല്ലാം;

(ബി) പാർട്ട്ടൈം അംഗങ്ങൾ ആരെല്ലാം;

(സി) സംസ്ഥാന സർവ്വീസിലെ സീനിയർ ഉദ്യോഗസ്ഥന് സർക്കാർ ചെലവിൽ എത്ര പത്രമാസികകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) പ്ലാനിംഗ് ബോർഡിലെ ഫുൾടൈം അംഗങ്ങൾ ഇതേവരെ ഓരോവർഷവും പത്രമാസികകൾക്കായി എത്ര രൂപ ചെലവിട്ടിട്ടുണ്ട്;

(ഇ) ഓരോ പാർട്ട്ടൈം അംഗവും ഈ ഇനത്തിൽ ഇതേവരെ ഓരോ വർഷവും ചെലവിട്ട തുക എത്ര;

(എഫ്) പ്ലാനിംഗ് ബോർഡിൽ പേജർ ഉപയോഗിക്കുന്ന അംഗങ്ങൾ ആരെല്ലാം; ആ ഇനത്തിൽ ഇതേവരെ എത്ര രൂപ ചെലവായി എന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്.

(ബി) 1. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ

2. ഡോ. ബി. ഇക്ബാൽ

3. ശ്രീ. എം.കെ. സാംബമൂർത്തി

LIBRARY ARCHIVES Kerala Legislative Assembly